**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *316 | 17.10.2016 ൽ മറുപടിക്ക്

## ചികിത്സാവിധികളെക്കുറിച്ചുള്ള വ്യാജപ്രചരണങ്ങൾ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, പി.കെ.കുഞ്ഞാലിക്കുട്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനങ്ങളെ വഴിതെറ്റിക്കുന്ന വിധത്തിലുള്ളതും ശാസ്ത്രീയമായി തെളിയിക്കാത്തതുമായ ചികിത്സാവിധികളെക്കുറിച്ചും മരുന്നുകളെക്കുറിച്ചും സോഷ്യൽ മീഡിയ വഴി പ്രചരണങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഇത്തരം പ്രചരണങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആരോഗ്യകാര്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ രോഗചികിത്സയെക്കുറിച്ചും ബോധവത്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ചെയ്തുവരുന്നു. ചികിത്സാ വിധികളെക്കുറിച്ചും മരുന്നുകളെക്കുറിച്ചുമുള്ള വ്യാജ പ്രചരണങ്ങൾ തടയാനായി സോഷ്യൽ മീഡിയയിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൗത്യം നടത്തിവരുന്നു. ഇതിനായി ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏജൻസികളെ തെരെഞ്ഞെടുക്കുകയും ഇതിനാവശ്യമായ വിവരങ്ങളും ഉള്ളടക്കവും രൂപകല്പന ചെയ്യാനായി ഡോക്ടർമാരും പൊതുജനാരോഗ്യ വിദഗ്ധരും അംഗങ്ങളായിട്ടുള്ള ഒരു എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫേസ് ബുക്ക് വഴി സ്പോൺസേർഡ് ആയ പോസ്റ്റുകൾ വിദഗ്ധന്മാരുടെ അഭിപ്രായങ്ങൾ, വീഡിയോകൾ, ഡോക്ടർമാരുടെയും ജനങ്ങളുടേയും അഭിപ്രായങ്ങൾ, കാർട്ടൂൺ സ്ട്രിപ്പുകൾ, കഥാരൂപത്തിലുള്ള സീരിയൽ സ്ട്രിപ്പുകൾ, എന്നിവ നൽകുന്നതാണ്. ശാസ്ത്രീയമായ ചികിത്സാരീതികളെക്കുറിച്ചും, രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും, ആരോഗ്യശീലങ്ങളെക്കുറിച്ചും, ശരിയായ ഭക്ഷണരീതിയെക്കുറിച്ചും, വ്യായാമത്തെക്കുറിച്ചും അറിവ് നൽകാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത്തരം പ്രചരണങ്ങൾ, വാക്സിനേഷൻ പോലുള്ള പ്രിവന്റീവ് ചികിത്സാരീതികളെ പോലും ജനം എതിർക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് | (ബി) | സംസ്ഥാനത്ത് മലപ്പുറം അടക്കമുള്ള ചില വടക്കൻ ജില്ലകളിൽ ഇത്തരം പ്രചരണങ്ങൾ രോഗപ്രതിരോധ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നേരിടുന്നതിനായി രാഷ്ട്രീയ നേതാക്കളെയും |

| | | | |
|---|---|---|---|
| | നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | മതനേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ പ്രവർത്തന പരിപാടികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വാക്സിനേഷനെക്കുറിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന വ്യാജ പ്രചരണങ്ങൾ തടയാനായി പ്രാദേശിക തലങ്ങളിൽ ജനങ്ങളെ നേരിട്ട് കണ്ട് ശരിയായ അവബോധം നൽകാനായി വിവിധ പ്രൊഫഷണൽ സംഘടനകളുടെയും, സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക-മത സംഘടനകളുടെയും ആഭിമുഖ്യത്തിൽ വീടുവീടാന്തിരം കയറി ഇറങ്ങിയുള്ള പ്രചരണം നടത്തുകയുണ്ടായി. ഇതോടൊപ്പം വിപുലമായ തോതിൽ ജനങ്ങൾക്കിടയിൽ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വാക്സിനേഷൻ പ്രചരണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മ ഉറപ്പിക്കുകയും ചെയ്തു. |
| (സി) | ഇല്ലെങ്കിൽ ഇത്തരം വ്യാജപ്രചരണങ്ങൾ ചെറുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വ്യാജപ്രചരണങ്ങൾ പ്രചരിപ്പിക്കുന്നതിന് എതിരെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ([illegible] ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ് ) ആക്റ്റ് ആന്റ് റൂൾസിന് വിരുദ്ധമായുള്ള വ്യാജപ്രചരണങ്ങൾ ഉണ്ടായാൽ ഇതു സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ